**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3986** **21.06.2019-ൽ മറുപടിക്ക്**

**അപകടത്തിൽപ്പെടുന്ന ടൂറിസ്റ്റുകൾക്ക് വൈദ്യസഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| ദുർഘടമേഖലകളിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ അപകടത്തിൽപ്പെടുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുവാൻ വേണ്ടി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ ? | സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയായ ഗ്രീൻ കാർപ്പറ്റിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ വരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം എന്നിവ ഉൾപ്പെടുത്തി യിട്ടുണ്ട്. സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡുകളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ, ടൂറിസ്റ്റുകൾക്ക് എന്തെങ്കിലും അത്യാഹിതം സംഭവി ച്ചാൽ പ്രഥമ ശുശ്രൂഷ നൽകുന്നതിനും, അവരെ ശ്രദ്ധിക്കുവാനുമുള്ള ക്രൈസിസ് മാനേജ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ